GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Press Release

PR. 95/2024 30.10.2024

## കേരളത്തിലെ കർഷക കുടുംബങ്ങളുടെ സാഹചര്യം വിലയിരുത്തുന്നതിനുള്ള സർവേ 202425 **(Situation Assessment Survey on Agricultural Households in Kerala: 2024-25)**പരിശീലന പരിപാടി സംഘടിപ്പിച്ചു.

തിരുവനന്തപുരം: കേരളത്തിലെ കർഷക കുടുംബങ്ങളുടെ നിലവിലുള്ള സാഹചര്യം പഠിക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പും സംയുക്തമായി നടത്തുന്ന സർവേയുടെ പരിശീലന പരിപാടി വികാസ് ഭവൻ സമുച്ചയത്തിലെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ ട്രെയിനിംഗ് ഹാളിൽ വച്ച് 29/10/2024 & 30 10 2024 എന്നീ തീയതികളിലായി നടന്നു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ശ്രീ. ബി. ശ്രീകുമാർ അധ്യക്ഷത വഹിച്ച പരിശീലന പരിപാടി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. പരിശീലന പരിപാടിയിൽ ഇരു വകുപ്പിലെയും ഉദ്യോഗസ്ഥർ വിശദമായ ക്ലാസുകൾ അവതരിപ്പിച്ചു. നവംബർ 1 മുതൽ തുടങ്ങി രണ്ടു മാസകാലയളവിനുള്ളിൽ സർവേ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. സർവേയുടെ ഭാഗമായി വിവരശേഖരണത്തിനായി എത്തുന്ന ഉദ്യോഗസ്ഥരുമായി സഹകരിക്കണമെന്നും കൃത്യമായ നൽകണമെന്നും പൊതുജനങ്ങളോട് ഇരു ഡയറക്ടർമാരും അഭ്യർത്ഥിച്ചു.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ